**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 301** **27-01-2026 - ൽ മറുപടിയ്ക്ക്**

**എ.പി.എൽ. വിഭാഗത്തിൽ നിന്ന് ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിനുള്ള അപേക്ഷ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. പി.പി. ചിത്തരഞ്ജൻ** | | **ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ആലപ്പുഴ നിയോജകമണ്ഡലത്തിൽ എ.പി.എൽ. വിഭാഗത്തിൽ നിന്ന് ബി.പി.എൽ. വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിന് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും എത്ര അപേക്ഷകളിലാണ് തീർപ്പ കൽപ്പിച്ചിട്ടുള്ളതെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ വിശദവിവരം ലഭ്യമാക്കാമോ; | (എ) | ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം ആലപ്പുഴ നിയോജക മണ്ഡലത്തിൽ പൊതു വിഭാഗത്തിൽ നിന്നും മുൻഗണനാ വിഭാഗത്തിലേക്ക് റേഷൻ കാർഡ് തരം മാറ്റുന്നതിനായി ആകെ 9460 അപേക്ഷകൾ ലഭിച്ചതിൽ എല്ലാ അപേക്ഷകളും തീർപ്പ് കല്പിച്ചിട്ടുള്ളതും അർഹതപ്പെട്ട 8714 റേഷൻ കാർഡുകൾ പൊതു വിഭാഗത്തിൽ നിന്നും മുൻഗണനാ വിഭാഗത്തിലേക്ക് തരം മാറ്റി നല്കിയിട്ടുള്ളതുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.<br><br>മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്ത് - 1551<br>മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്ത് - 1983<br>ആര്യാട് ഗ്രാമ പഞ്ചായത്ത് - 1088<br>ആലപ്പുഴ മുൻസിപ്പാലിറ്റി - 3559<br>മാരാരിക്കുളം നോർത്ത് - 533<br>ആകെ - 8714 |
| (ബി) | ബി.പി.എൽ. -ൽ നിന്നും എ.പി.എൽ. വിഭാഗത്തിലേയ്ക്ക് മാറ്റുന്നതിന് എത്ര അപേക്ഷകളാണ് ലഭിച്ചിട്ടുള്ളതെന്നും എത്ര അപേക്ഷകളിലാണ് തീർപ്പ കൽപ്പിച്ചിട്ടുള്ളതെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ അടിസ്ഥാനത്തിൽ വിശദവിവരം ലഭ്യമാക്കാമോ? | (ബി) | ഈ സർക്കാർ നിലവിൽ വന്നതിന് ശേഷം ആലപ്പുഴ നിയോജക മണ്ഡലത്തിൽ മുൻഗണനാ വിഭാഗത്തിൽ നിന്നും പൊതു വിഭാഗത്തിലേക്ക് റേഷൻ കാർഡ് തരം മാറ്റുന്നതിനായി ആകെ 1575 അപേക്ഷകൾ ലഭിച്ചതിൽ എല്ലാ അപേക്ഷകളും തീർപ്പ് കല്പിച്ചിട്ടുള്ളതും 1575 റേഷൻ കാർഡുകൾ മുൻഗണനാ വിഭാഗത്തിൽ നിന്നും പൊതു വിഭാഗത്തിലേക്ക് തരം മാറ്റി നല്കിയിട്ടുള്ളതുമാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനത്തിന്റെ അടിസ്ഥാനത്തിലുള്ള വിവരം ചുവടെ ചേർക്കുന്നു.<br><br>മാരാരിക്കുളം തെക്ക് ഗ്രാമ പഞ്ചായത്ത് - 340<br><br>മണ്ണഞ്ചേരി ഗ്രാമ പഞ്ചായത്ത് - 330<br><br>ആര്യാട് ഗ്രാമ പഞ്ചായത്ത് - 290 |

| | | | |
|---|---|---|---|
| | | | ആലപ്പുഴ മുൻസിപ്പാലിറ്റി - 501<br><br>മാരാരിക്കുളം നോർത്ത് - 114<br><br>ആകെ - 1575 |

സെക്ഷൻ ഓഫീസർ